## എയ്ഡഡ് മേഖലയിൽ സ്പെഷ്യൽ സ്കൂളുകൾ

**46(2954)** ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എയ്ഡഡ് മേഖലയിൽ എത്ര സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(സി) സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ;

(ഡി) നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) 37 സ്കൂളുകൾ.

(ബി) 11 സ്പെഷ്യൽ സ്കൂളുകൾക്ക് (ഹയർസെക്കന്ററി വിഭാഗം-3, ഹൈസ്കൂൾ വിഭാഗം-3, പ്രൈമറി ഉൾപ്പെടെയുള്ളത്-5) സർക്കാർ എയ്ഡഡ് പദവി നൽകിയിട്ടുണ്ട്.

(സി) 9-11-1969-ലെ ജി.ഒ. (പി) 412/69/വി.വ. ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരമാണ് സ്പെഷ്യൽ സ്കൂളുകൾക്ക് (അന്ധ-ബധിര വിദ്യാലയങ്ങൾക്ക്) സർക്കാർ എയ്ഡഡ് പദവി നൽകുന്നത്.

കൂടാതെ 28-4-14-ലെ സ.ഉ. (പി) നമ്പർ 69/2014/പൊ.വി.വ. പ്രകാരം ബഡ്സ് സ്കൂളുകൾ ഉൾപ്പെടെ മാനസിക വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ പ്രകാരം എയ്ഡഡ് പദവി നൽകുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകി ഉത്തരവായിട്ടുണ്ട് :

UID പ്രകാരമുള്ള കുട്ടികളുടെ എണ്ണം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, അദ്ധ്യാപകരുടെയും ജീവനക്കാരുടെയും വിദ്യാഭ്യാസ യോഗ്യത, സ്കൂളുകൾ തമ്മിലുള്ള ദൈർഘ്യം, കുട്ടികളുടെ അഡ്മിഷൻ സംബന്ധിച്ച വ്യവസ്ഥകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് സർക്കാർ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്ന തീയതി മുതൽക്കേ സ്കൂളുകൾക്ക് എയ്ഡഡ് പദവി ലഭിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ജി.ഒ. (പി) 412/69/പൊ.വി.വ. എന്ന ഉത്തരവിന് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ട നടപടികൾ ആരംഭിച്ചിട്ടുണ്ട്.

മാനസികമായ വെല്ലുവിളികൾ നേരിടുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകളെ എയ്ഡഡ് പദവിയിലേക്ക് ഉയർത്തുന്നതുസംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുമായി ചർച്ച നടത്തി മാർഗ്ഗ നിർദ്ദേശങ്ങൾ രൂപപ്പെടുത്തുന്നതിനായി മൂന്നംഗ ഔദ്യോഗിക കമ്മിറ്റിയെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**വയനാട് ജില്ലയിലെ പാർട്ട്ടൈം ഹിന്ദി യു.പി.എസ്.എ. റാങ്ക് ലിസ്റ്റ്**

**47(2955)** ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വയനാട് ജില്ലയിൽ പാർട്ട്ടൈം ഹിന്ദി യു.പി.എസ്.എ. തസ്തികയിൽ ദിവസവേതന അടിസ്ഥാനത്തിൽ എത്ര പേർ പ്രവർത്തിക്കുന്നുണ്ട് ?

ഉത്തരം

ആരും പ്രവർത്തിക്കുന്നില്ല.

**എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം ലഭ്യമാക്കാൻ നടപടി**

**48(2956)** ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകളിൽ കഴിഞ്ഞ നാല് വർഷമായി സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) പ്രസ്തുത അദ്ധ്യാപകർക്ക് എത്രയും വേഗം ശമ്പളം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) ഇല്ല. 2010-11-ലെ തസ്തിക നിർണ്ണയപ്രകാരം നിലനിന്നിരുന്ന സ്ഥിരം തസ്തികകളിലെ മരണം, രാജി, പ്രൊമോഷൻ, വിരമിക്കൽ എന്നിവമൂലമുള്ള

LIBRARY ARCHIVES Kerala Legislative Assembly